## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1666** **16.03.2015-ൽ മറുപടിയ്ക്ക്**

### വ്യക്തിഗത ആനുകൂല്യത്തിനായി പഞ്ചായത്തുകൾ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ശശി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
| (എ) | വ്യക്തിഗത ആനുകൂല്യത്തിനായി ത്രിതല പഞ്ചായത്തുകൾ വഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സംഗതിയിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ജില്ലാപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമസഭ വിളിച്ചു കൂട്ടുവാൻ കഴിയാത്തതിനാൽ അവർ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുവഴി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. അതത് ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരഞ്ഞെടുപ്പ് പ്രക്രിയ നടത്തുകയും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക അംഗീകാരത്തിനായി ബ്ലോക്ക് പഞ്ചായത്തിനോ, ജില്ലാ പഞ്ചായത്തിനോ നൽകുകയും ചെയ്യും.<br><br>ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കു വേണ്ടി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ സംഗതിയിൽ ഒരു പ്രത്യേക പദ്ധതിയിലേയ്ക്ക് ഓരോ വാർഡിനും വേണ്ട മുൻഗണനാ ലിസ്റ്റ് ഗ്രാമസഭ തയ്യാറാക്കുകയും അർഹതയ്ക്കും മുൻഗണനാക്രമത്തിനുമുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കുകയുമാണ് വേണ്ടത്. പഞ്ചായത്തുകൾ ആവിഷ്ക്കരിക്കുന്ന പദ്ധതികളുടെ കാര്യത്തിൽ ഡി.പി.സി അംഗീകരിച്ച പ്രോജക്ടിൽ പറഞ്ഞിട്ടുള്ള പ്രകാരം പഞ്ചായത്ത് അർഹതാ മാനദണ്ഡം തീരുമാനിക്കുകയും അർഹരായ ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്. ഓരോ വാർഡിലെയും മുൻഗണനാക്രമലിസ്റ്റിനോടൊപ്പം വസ്തുതകളുടെ പരിശോധന പൂർത്തിയാക്കിയതിനു ശേഷം മുൻഗണനാക്രമത്തിന്റെ വ്യക്തമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | ഇത് ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ തയ്യാറാക്കേണ്ടതും ഒരു കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട തുമാണ്. കരട് ലിസ്റ്റിന്മേൽ ആക്ഷേപ മുള്ള പക്ഷം കൂടുതൽ പരിശോധന നടത്തിയതിനുശേഷം ഗ്രാമപഞ്ചായത്ത് അത് പരിഗണിക്കേണ്ടതും അത് സ്വീകരിക്കുകയോ, തള്ളിക്കളയുകയോ ചെയ്യുന്നതിനുള്ള അഭിപ്രായം രേഖ പ്പെടുത്തേണ്ടതുമാണ്. അതിനുശേഷം അന്തിമലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം. ഉത്തരവ് ജി.ഒ(പി)നം.220/97/എൽ.എ.ഡി തീയതി : 02.10.1997 തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) | ഇതിൽ ഗ്രാമസഭകൾക്കുള്ള പങ്ക് വിശദമാക്കാമോ; | (ബി) | ഗുണഭോക്താക്കളെ കണ്ടെത്തുന്നതി നുള്ള അധികാരം ഗ്രാമസഭകൾക്കാണ്. ഒരു ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിക്കുവേണ്ടി ഓരോ വാർഡിനും വേണ്ട മുൻഗണനാലിസ്റ്റ് ഗ്രാമസഭ യാണ് തയ്യാറാക്കുന്നത്. പഞ്ചായത്ത് ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ ഉപ യോഗിച്ച് ഗ്രാമസഭ മുമ്പാകെ സാധ്യ മാവുന്നത്ര അപേക്ഷകളെപ്പറ്റി അന്വേഷി ക്കുകയാണ് ചെയ്യുന്നത്. ഗുണഭോക്താ ക്കളുടെ കരട് ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമസഭ അംഗീകാരം നൽകേണ്ടതാണ്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിന്മേലുള്ള ആക്ഷേപം അന്വേഷിച്ച് വസ്തുതാപരമാണെന്ന് ബോദ്ധ്യമായാൽ ഗുണഭോക്താവിന് അനുവദിച്ച സ്ഥാനം മാറ്റണമെങ്കിൽ വീണ്ടും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. |
| (സി) | ഗ്രാമസഭകളുടെ മിനിട്സ് എഴുതുന്നതിനുള്ള സംവിധാനം എന്താണ്; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ? | (സി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 എ(5) പ്രകാരം ഗ്രാമസഭയുടെ കോ-ഓർഡിനേറ്ററായി ഗ്രാമപഞ്ചായത്ത് നാമനിർദ്ദേശം ചെയ്യു ന്ന ഉദ്യോഗസ്ഥൻ ഗ്രാമസഭയുടെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും അവ യുടെ നടത്തിപ്പിനും തീരുമാനങ്ങൾ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തുന്ന തിനും തുടർ നടപടികളെടുക്കുന്ന തിനും കൺവീനറെ സഹായിക്കേണ്ടതാ ണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 09.08.2002-ലെ 33276/ഡിപി1/ 02/തഭവ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുമുണ്ട്. (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

തദ്ദേശ സ്വയം ഭരണ (ഡി.പി) വകുപ്പ്,
നംപർ 33276/ഡിപി1/02/ത.ഭ. വ

തിരുവനന്തപുരം, 9...8....02.

**സർക്കുലർ**

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ്–ആസൂത്രണ ഗ്രാമസഭകൾ/വാർഡു സഭകൾ– സർക്കാർ ജീവനക്കാരുടെ പങ്കാളിത്തം– മർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:– 02.05.2002–ലെ സംസ്ഥാന തല കോ–ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ഐറ്റം. 2.3

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പത്താം പഞ്ചവൽസര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ ഗ്രാമസഭകൾ/വാർഡു സഭകൾ സമ്മേളിക്കുമ്പോൾ അതിൽ സർക്കാർ ജീവനക്കാരുടെ പങ്കാളിത്തവും കോർഡിനേറ്റർമാരുടെ നിയമനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) പത്താം പഞ്ചവൽസര പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളിൽ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ഗവൺമെന്റ് ജീവനക്കാർ സജീവമായി പങ്കെടുക്കേണ്ടതാണ്
2) പഞ്ചായത്ത് ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യപ്പെടുന്നതനുസരിച്ച് പഞ്ചായത്ത് നാമനിർദ്ദേശംചെയ്യുന്ന ഉദ്യോഗസ്ഥൻ ഗ്രാമസഭയുടെ കോ ഓർഡിനേറ്ററായി പ്രവർത്തിക്കേണ്ടതാണ് ഗ്രാമസഭയുടെ കോഓർഡിനേറ്ററായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ ഗ്രാമസഭയുടെ കൺവീനറായ വാർഡ് മെംപറുടെ നിർദ്ദേശാനുസരണം ഗ്രാമസഭകൾ വിളിച്ചു കൂട്ടേണ്ടതും യോഗത്തിന്റെ നടത്തിപ്പും അതിന്റെ മിനിറ്റ്സ് രേഖപ്പെടുത്തലും ആ മിനിറ്റ്സിന്മേൽ തുടർ നടപടികൾ എടുക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന്റെ അധികൃതരെ സഹായിക്കുക എന്നതും കോർഡിനേറ്ററുടെ ചുമതലയാണ്.
3) ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന എല്ലാ ഉദ്യോഗസ്ഥരും ഗ്രാമസഭയിൽ പങ്കെടുക്കേണ്ടതാണ്.
4) ഓരോ മേഖലയ്ക്കും വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. അതിന്റെ കൺവീനർ അതാതു മേഖലയിൽപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ സീനിയർ ആയ ആളായിരിക്കണം വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർമാർ ഗ്രാമസഭകളിൽ നിർബന്ധമായും പങ്കെടുക്കുകയും ചർച്ചകൾക്ക് നേതൃത്വം നല്കുകയും ചെയ്യേണ്ടതാണ്.
5) വർക്കിംഗ് ഗ്രൂപ്പുകളും ഗ്രാമസഭകളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിൽ സജീവമായ പങ്ക് വഹിക്കുന്നതിന് കീഴുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുവാൻ വകുപ്പ്തലവൻമാരോട് എല്ലാ ഗവൺമെന്റ് സെക്രട്ടറിമാരും ആവശ്യപ്പെടേണ്ടതാണ്.

പി. കമാൽകുട്ടി
സെക്രട്ടറി.

എല്ലാ സെക്രട്ടറിമാർക്കും/ എല്ലാ വകുപ്പ്തലവൻമാർക്കും/ എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും/എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ